പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1667 — 14.08.2017 ൽ മറുപടിക്ക്

## കേന്ദ്രബഡ്ജറ്റും സംസ്ഥാനത്തിന്റെ ആവശ്യങ്ങളും

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.സി.ജോസഫ് | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) 2017-18 ലെ കേന്ദ്ര പൊതു ബഡ്ജറ്റിൽ (എ) പരിഗണനയ്ക്കായി സംസ്ഥാനത്തിന്റെ എന്തെല്ലാം ആവശ്യങ്ങൾ മുന്നോട്ടുവയ്ക്കുകയുണ്ടായി; ഇവയിൽ പരിഗണിക്കപ്പെട്ടവയും പരിഗണിക്കപ്പെടാതെ പോയവയും ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ? | ബഡ്ജറ്റിന് മുന്നോടിയായി ബഹു. ധനകാര്യ വകുപ്പ് മന്ത്രി ശ്രീ.അരുൺ ജയ്റ്റലിയുടെ അദ്ധ്യക്ഷതയിൽ 04.01.2017-ൽ കൂടിയ ചർച്ചകളുടെ അടിസ്ഥാനത്തിൽ താഴെ സൂചിപ്പിച്ച ആവശ്യങ്ങൾ മുന്നോട്ട് വയ്ക്കുകയുണ്ടായി.<br><br>1. നോട്ട് നിരോധനം സർക്കാരിന്റെ റവന്യൂ വരുമാനത്തിൽ വലിയ ഇടിവുണ്ടാക്കി. ഈ സാഹചര്യത്തിൽ സംസ്ഥാനങ്ങളുടെ കടം വാങ്ങാനുള്ള പരിധി വർദ്ധിപ്പിക്കുന്നതിലേക്കായി FRBM Act ഭേദഗതി ചെയ്യുവാൻ ആവശ്യപ്പെട്ടു. (GSDP യുടെ 3 ശതമാനത്തിൽ നിന്ന് 4 ശതമാനത്തിലേക്ക്).<br><br>2.. നോട്ട് നിരോധനത്തിന്റെ ഫലമായുള്ള GDP വളർച്ചാ നിരക്ക് കുറയുവാനുള്ള സാഹചര്യം നിലനിൽക്കുന്നതിനാൽ സാമ്പത്തിക ഉത്തേജന പാക്കേജായി ബഡ്ജറ്റിൽ കൂടുതൽ തുക വകയിരുത്തി വിവിധ അടിസ്ഥാന വികസന പ്രോജക്ടുകളിൽ കൂടുതൽ നിക്ഷേപം നടത്താൻ ആവശ്യപ്പെട്ടു.<br><br>3. നോട്ട് നിരോധനവുമായി ബന്ധപ്പെട്ട് അസംഘടിത മേഖലകളിൽ ഉണ്ടായ കോട്ടം ഒരുപാട് തൊഴിലവസരങ്ങൾ നഷ്ടപ്പെടുത്തി. മഹാത്മാ ഗാന്ധി നാഷണൽ റൂറൽ എംപ്ലോയ്മെന്റ് ഗാരന്റി ആക്ടിൻമേൽ |

അനുവദിച്ച തുക രജിസ്റ്റർ ചെയ്ത തൊഴിലാളികൾക്ക് 40-50 ദിവസത്തെ തൊഴിലുകൾക്കേ പര്യാപ്തമാകൂ. ആയതിനാൽ രജിസ്റ്റർ ചെയ്ത തൊഴിലാളികൾക്ക് കുറഞ്ഞത് 100 ദിവസത്തെ തൊഴിൽ നല്കാൻ പര്യാപ്തമായ തുക MGNREGA പ്രകാരം അനുവദിക്കാൻ ആവശ്യപ്പെട്ടു.

4. സംസ്ഥാനത്തിലെ സഹകരണ മേഖലയെ നോട്ട് നിരോധനം സാരമായി ബാധിക്കുകയും അവയുടെ പ്രവർത്തനം ഏറെക്കുറെ നിശ്ചലമാവുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്തിലെ ജനസംഖ്യയുടെ ഒരു വലിയ വിഭാഗം സഹകരണ സ്ഥാപനങ്ങളിൽ നിന്നുള്ള ലോണുകളെ ആശ്രയിക്കുന്നവരാണ്. ആയതിനാൽ സഹകരണ മേഖലയുടെ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുന്നതിന് സത്വര നടപടികൾ കൈക്കൊള്ളണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടു.

5. കേരളത്തിലെ പ്രധാന നാണ്യവിളയായ റബറിന്റെ വിലയിടിവ് സംസ്ഥാനത്തിലെ റബർ കർഷകരെ സാരമായി ബാധിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ റബ്ബറിന് ഏറ്റവും കുറഞ്ഞ താങ്ങുവില നിശ്ചയിച്ച് റബ്ബർ വില സുസ്ഥിരപ്പെടുത്തുന്നതിലേയ്ക്കായുള്ള സംസ്ഥാന സർക്കാരിന്റെ ശ്രമങ്ങൾക്ക് കേന്ദ്ര സഹായം ആവശ്യപ്പെട്ടു.

6. കേന്ദ്രാവിഷ്കൃത പദ്ധതികൾക്കും സംസ്ഥാന പദ്ധതികൾക്കുമുള്ള കേന്ദ്ര സഹായം വളരെ താമസിച്ച് മാത്രം ലഭ്യമാകുന്നതിനാൽ അത് പദ്ധതികൾ നടപ്പിലാക്കുന്നതിനെ സാരമായി ബാധിക്കുന്നു. അത്തരത്തിലുള്ള പല സ്കീമുകൾക്കും സംസ്ഥാന സർക്കാരിന്റെ ബഡ്ജറ്റിൽ നിന്ന് തുക മുൻകൂറായി ചെലവഴിക്കേണ്ടിവരികയും തുടർന്ന്

| | |
|---|---|
| | അക്കൗണ്ടന്റ് ജനറലിന്റെ വിനിയോഗ സാക്ഷ്യപത്രം സമർപ്പിച്ച് ചെലവ് പണം കേന്ദ്ര സർക്കാരിൽ നിന്ന് വാങ്ങുകയും ചെയ്യുന്നു. ഇത് സംസ്ഥാനത്തിന് ഫണ്ട് വാങ്ങിയെടുക്കുന്നതിൽ വലിയ കാലതാമസം ഉണ്ടാക്കുകയും സംസ്ഥാനത്തിന്റെ സാമ്പത്തികനിലയെ പ്രതികൂലമായി ബാധിക്കുകയും ചെയ്യുന്നു. ആയതിനാൽ മേൽ സൂചിപ്പിച്ച പദ്ധതികൾക്കായുള്ള ഫണ്ട് റിലീസിംഗ് പ്രോസസ്സ് ലളിതമാക്കി യഥാസമയം പണം നല്കാൻ ആവശ്യപ്പെട്ടു.<br><br>7. നോട്ട് നിരോധനം സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തെ പ്രതികൂലമായി ബാധിച്ച സാഹചര്യത്തിൽ കേന്ദ്രാവിഷ്കൃത/ സംസ്ഥാന പദ്ധതികൾക്കുള്ള കേന്ദ്ര സഹായം വർദ്ധിപ്പിക്കുന്നതിന് ആവശ്യപ്പെട്ടു.<br><br>8. കൊച്ചിൻ റിഫൈനറി ഒഴിച്ചുള്ള കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ വലിയ സാമ്പത്തിക പ്രതിസന്ധിയിലാണ്. മേൽ സാഹചര്യത്തിൽ കൂടുതൽ ഫണ്ട് വിനിയോഗിക്കുന്നതിന് (പ്രത്യേകിച്ച് FACT ക്ക്) അപേക്ഷിച്ചിട്ടുണ്ട്. |
| (ബി) ബഡ്ജറ്റ് അവതരണത്തിന് മുന്നോടിയായി മുഖ്യമന്ത്രി സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ നിവേദനത്തിലൂടെ സമർപ്പിക്കുകയുണ്ടായോ; എങ്കിൽ എപ്പോഴാണ് അത് സമർപ്പിച്ചത് നിവേദനത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ? | (ബി) 2017-18-ലെ കേന്ദ്ര ബഡ്ജറ്റിൽ ഉൾപ്പെടുത്തി കേരളത്തിൽ ആൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് (AIIMS) അനുവദിക്കണമെന്ന് 23.01.2017-ലെ നിവേദനം പ്രകാരം പ്രധാനമന്ത്രിയോട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ, പ്രസ്തുത സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ കേരളത്തിന് ആൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് അനുവദിച്ചിട്ടില്ല. നിവേദനത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (സി) ആവശ്യങ്ങൾ നേടിയെടുക്കുന്നതിനായി ബഡ്ജറ്റിന് മുൻപ് മുഖ്യമന്ത്രി ആരെല്ലാമായി നേരിൽ കണ്ട് ചർച്ച | (സി) ഈ വിഷയത്തിൽ മുഖ്യമന്ത്രി 23.01.2017- ന് പ്രധാനമന്ത്രിയുമായി നേരിട്ട് പാർലമെന്റ് മന്ദിരത്തിൽ വച്ച് ചർച്ച നടത്തിയിരുന്നു. |

| | |
|---|---|
| നടത്തുകയുണ്ടായി; ഈ രംഗത്ത് സംസ്ഥാനത്തു നിന്നുള്ള എം..പി.മാരെ ഏകോപിപ്പിക്കുവാൻ ശ്രമിക്കുകയുണ്ടായോ എന്ന് വെളിപ്പെടുത്താമോ? | ബഡ്ജറ്റ് സമ്മേളനത്തിന് മുന്നോടിയായി 13.01.2017-ന് മുഖ്യമന്ത്രി എം.പി.മാരുടെ ഒരു യോഗം വിളിക്കുകയും സമ്മേളനത്തിൽ ഈ വിഷയങ്ങൾ ചർച്ച ചെയ്യുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ